**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2397** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന ലോട്ടറി വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ ,<br>ശ്രീ. കെ എം ഷാജി ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. എം . ഉമ്മർ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതരസംസ്ഥാന ലോട്ടറികൾ വില്പന നടത്തുന്നതിന് നിലവിൽ നിരോധനമുണ്ടോ; | (എ) | ഇതര സംസ്ഥാന ലോട്ടറികൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തനം നടത്തുന്നില്ല. |
| (ബി) | ലോട്ടറിക്ക് ജി.എസ്.ടി. ഏർപ്പെടുത്തിയ സാഹചര്യത്തിൽ ഇതരസംസ്ഥാന ലോട്ടറി വിൽപന ആരംഭിക്കാൻ ശ്രമം നടത്തുന്നതായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത കാര്യത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | കേരളത്തിൽ അന്യ സംസ്ഥാന ഭാഗ്യക്കുറി നടത്തിപ്പമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിരുന്ന 34025/2019 എന്ന റിട്ട് പെറ്റീഷനിൽ കേരള സംസ്ഥാന ലോട്ടറി റൂൾസ്-2018 ultra vires ആണെന്ന് ഹൈക്കോടതി സിംഗിൾ ബഞ്ച് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ 07/01/2021-ൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ രജിസ്റ്റേഡ് ഏജന്റുമാരും, ഏജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് ഏജന്റുമാർ, വിൽപ്പനക്കാർ, Retailers എന്നിവരും അന്യ സംസ്ഥാന ഭാഗ്യക്കുറി വിൽപ്പന നടത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവ് ലംഘിക്കുന്ന പക്ഷം അത്തര ക്കാരുടെ ഏജൻസികൾ റദ്ദ് ചെയ്യുന്ന തടക്കമുള്ള നടപടികൾ സ്വീകരിക്കുന്ന താണ്. പ്രസ്തുത വിഷയം സംബന്ധിച്ച് ട്രേഡ് യൂണിയൻ പ്രതിനിധികൾ, എജന്റു മാർ എന്നിവർ ഉൾപ്പെടെയുള്ളവരുടെ യോഗം 01/01/2021-ന് വിളിച്ചുചേർത്ത് സർക്കാർ നിലപാടുകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ഇതര സംസ്ഥാന നിയമ വിരുദ്ധ ലോട്ടറികൾ ക്കെതിരെ സ്വീകരിക്കുന്ന നിലപാടുകൾക്ക് സഹകരണം ഉറപ്പുവരുത്തുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന ഭാഗ്യക്കുറികൾ കേരളത്തിൽ വിൽപ്പന നടത്തുന്നത് സംസ്ഥാന GST വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടാവണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ